(ഡി) പദ്ധതിയെക്കുറിച്ച് ഉദ്യോഗാർത്ഥികളുടെയിടയിൽ പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുമായി സഹകരിച്ച് സൗജന്യ പി.എസ്.സി. - എൽ.ഡി.സി. പരീക്ഷാ പരിശീലനവും, ബാങ്കിംഗ് (ഐ.ബി.പി.എസ്.) പരീക്ഷാ പരിശീലനവും നൽകുന്ന പദ്ധതിക്ക് 2013 ഒക്ടോബർ മാസത്തിൽ തുടക്കം കുറിച്ചു. സംസ്ഥാനത്തെ 17 കേന്ദ്രങ്ങളിൽ ബാങ്കിംഗ് പരീക്ഷാ പരിശീലനവും 75 കേന്ദ്രങ്ങളിൽ എൽ.ഡി.സി. പരീക്ഷാ പരിശീലനവും നടത്തുകയുണ്ടായി.

(ബി) വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി സാധാരണക്കാർക്കും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ യുവജനങ്ങൾക്കും സൗജന്യമായി മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധതരം ജോലികൾ നേടിയെടുക്കുന്നതിന് യുവാക്കളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) പി.എസ്.സി., യു.പി.എസ്.സി./ബാങ്കിംഗ് മേഖലകളിലെ പരീക്ഷകൾക്കാണ് പരിശീലനം നൽകിയത്.

(ഡി) വേണ്ടത്ര പ്രചാരണം നൽകിയാണ് പദ്ധതി നടപ്പാക്കിയത്.

യുവസംരംഭക സംഗമം

210(2202) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ യുവസംരംഭക സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഗമം മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്തത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അഹമ്മദാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന Entrepreneurship Development Institute of India-യുടെ സഹകരണത്തോടുകൂടി യുവസംരംഭക സംഗമം 2014 നവംബർ 17, 18 തീയതികളിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ വച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) യുവജനങ്ങൾ തൊഴിൽ അന്വേഷകർ ആകാതെ തൊഴിൽ ദാതാക്കളായി മാറുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ട പരിശീലനവും മാർഗ്ഗ നിർദ്ദേശവും നൽകി പുതിയൊരു സംരംഭകത്വ സംസ്കാരം രൂപീകരിക്കുകയും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് യുവസംരംഭക സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) യുവ സംരംഭകർ അവരുടെ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധികൾ, ഇവ പരിഹരിക്കുന്നതിനുള്ള ചർച്ചകൾ, നിയമപരമായ സാധ്യതകൾ, വിജയകരമായി സംരംഭങ്ങൾ ആരംഭിച്ച് നടപ്പിലാക്കിയ അനുഭവങ്ങൾ പങ്കുവയ്ക്കൽ, മറ്റുള്ള യുവജനങ്ങൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഇവരുടെ അനുഭവങ്ങൾവഴി പ്രചോദനം നൽകൽ തുടങ്ങിയ വിഷയങ്ങൾ ഈ സംഗമത്തിൽ ചർച്ച ചെയ്തു.

(ഡി) തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിൽ ആദ്യഘട്ട പരിശീലനം നൽകിയിരുന്നു. തുടർന്ന് 2014-15 സാമ്പത്തിക വർഷം 9 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്) കൂടി പരിശീലനം നടത്തിവരുന്നു. 2015-16 സാമ്പത്തിക വർഷം ബാക്കി ജില്ലകളിൽ കൂടി പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

211(2203) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹൗസിംഗ് ബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly